**നോമ്പുകാലം രണ്ടാം ഞായർ**

**മത്താ 7:21-27**

## യഥാർത്ഥ ശിഷ്യൻ

റവ. ഫാ. സ്കറിയ വേകത്താനം

ഇന്ന് നോമ്പുകാലം രണ്ടാം ഞായറാഴ്ച, യേശുവിന്റെ യഥാർത്ഥ ശിഷ്യൻ ആരായിരിക്കണം എങ്ങനെയായിരിക്കണം എന്ന് ഗിരിപ്രഭാഷണം എന്ന സിലബസ് ഉപയോഗിച്ചുകൊണ്ട് അവിടുന്ന് പഠിപ്പിക്കുകയാണ്. സ്വർഗരാജ്യത്തിന്റെ തീട്ടൂരം അഥവാ ക്രൈസ്തവജീവിതത്തിന്റെ മാത്രകവാടം എന്ന് വിശേഷിപ്പിക്കുന്ന വിശ്വപ്രസിദ്ധമായ വചനഭാഗമാണ് ഗിരിപ്രഭാഷണം. ഭാരതത്തിന്റെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി: എന്റെ ജീവിതത്തെ ഏറ്റവുമധികം സ്വാധീനിച്ച ബൈബിൾഭാഗം യേശുവിന്റെ ഗിരിപ്രഭാഷണമെന്ന് അതെ, സഹോദരങ്ങളെ, ഒരു ക്രിസ്ത്യാനി ആരായിരിക്കണം എന്ന് വ്യക്തമായ ദിശാവബോധം നല്കുന്ന സൂചികയാണ് ഗിരിപ്രഭാഷണം. ഈ വചനഭാഗത്തിലൂടെ യേശു മൂന്നു കാര്യങ്ങൾ നമ്മോട് ആവശ്യപ്പെടുന്നു.

1. **വ്യാജപ്രചാരകന്മാർക്കെതിരെ നാം ജാഗ്രത പുലർത്തണം:** വ്യാജസിദ്ധന്മാർക്കും അവരുടെ അദ്ഭുതങ്ങൾക്കും സമൂഹത്തിൽ എന്നും നല്ല മാർക്കുണ്ട്. അദ്ഭുതം പ്രവർത്തിക്കുന്നവന്റെ വിശ്വസനീയതയെക്കാൾ ഉപരി അദ്ഭുതങ്ങളുടെ കമ്പോളത്തിനാണ് എന്നും ഡിമാന്റ്. കാരണം, നാം ആഗ്രഹിക്കുന്നത് കേവലം കാര്യസാധ്യത മാത്രമാണ്. ഇങ്ങനെ അദ്ഭുതം പ്രവർത്തിക്കുന്ന വ്യാജസിദ്ധന്മാരുടെ ആധികാരികത നമ്മൾ പലപ്പോഴും മനസ്സിലാക്കാൻ ശ്രമിക്കാറില്ല എന്നതാണ് സത്യം. പഴയനിയമത്തിൽ നിയമാവർത്തനപുസ്തകം 13:1-5-ൽ വിഗ്രഹാരാധനയെക്കുറിച്ചും വ്യാജപ്രവാചകന്മാരെക്കുറിച്ചും മുന്നറിയിപ്പ് നല്കുന്നുണ്ട്: നിങ്ങൾ പ്രവാചകന്റെയോ വിശകലനക്കാരന്റെയോ വാക്കുകൾ കേൾക്കരുത്. എന്തുകൊണ്ടെന്നാൽ നിങ്ങൾ പൂർണഹൃദയത്തോടും പൂർണാത്മാവോടും കൂടെ തന്നെ സ്നേഹിക്കുന്നുണ്ടോ എന്നറിയാൻ നിങ്ങളുടെ ദൈവമായ കർത്താവു നിങ്ങളെ പരീക്ഷിക്കുകയാണ്. അവിടുന്ന് വീണ്ടും പറയുന്നു: നിങ്ങളും ദൈവമായ കർത്താവിനെ അനുഗമിക്കുകയും ഭയപ്പെടുകയും ചെയ്യുവിൻ (വാക്യം 4).

ആരാണ് യഥാർത്ഥ ശിഷ്യൻ? തന്നിലേയ്ക്ക് ആളുകളെ ആകർഷിച്ചു അടുപ്പിക്കുന്നവരല്ല, മറിച്ച് യേശുവിലേയ്ക്ക് ആളുകളെ നയിക്കുന്നവനാണ്. വാക്കും പ്രവൃത്തിയും തമ്മിൽ വൈരുദ്ധ്യമില്ലാത്തവനാണ് യഥാർത്ഥ ശിഷ്യൻ. ഇത്തരം വ്യക്തിക്ക് പേരും പ്രശസ്തിയും കൈയടിയും ആർപ്പുവിളിയും സാമ്പത്തികനേട്ടവുമല്ല ലക്ഷ്യം, എല്ലാറ്റിനുമുപരി മറ്റുള്ളവരെ ദൈവത്തിലേക്കും സഭയിലേക്കും നയിക്കുക എന്നതാണ്. അതുകൊണ്ട് അനീതി ഉപേക്ഷിച്ചു കൊണ്ട് വചനം അനുസരിക്കുന്നവരാകണം. എങ്കിൽ മാത്രമേ, ദൈവമഹത്വത്തിനും സഭാകൂട്ടായ്മയുടെ വളർച്ചയ്ക്കുമായി ചെയ്യുന്ന അദ്ഭുതപ്രവൃത്തികളെ യേശുനാമത്തിലേക്കുള്ള അദ്ഭുതപ്രവൃത്തികളാകുന്നുള്ളൂ.

2. **കപടഭക്തരാകാതെ നീതിയുള്ളവരാകുക:** ദൈവഹിതപ്രകാരം ജീവിക്കുകയാണ് സ്വർഗപ്രവേശനത്തിനുള്ള ഏകമാർഗം. പ്രാർത്ഥന മാത്രമല്ല, അനീതി ഉപേക്ഷിച്ചു കൊണ്ടുള്ള ജീവിതമാണ് പ്രധാനം. പ്രാർത്ഥനയും അനീതിയും തമ്മിൽ ഒട്ടും ബന്ധപ്പെട്ടുപോകുന്നതല്ല. ഭക്തിയുടെ മാറാപ്പു ചുമന്നുകൊണ്ട് അനീതിയിൽ ജീവിക്കുന്ന കപടഭക്തരുണ്ട്. അർഹതപ്പെട്ട വേതനം കൊടുക്കാതിരിക്കുക, കഠിനമായി ജോലി ചെയ്യിപ്പിച്ച് പീഡിപ്പിക്കുക, അടിമപ്പണി ചെയ്യിക്കുക, വേതനം പിടിച്ചു വയ്ക്കുക, തൊഴിലാളിയോട് അപമര്യാദയായി പെരുമാറുക. അനീതിയുടെ ആവരണകുപ്പായത്തിനുള്ളിൽ ഭക്തിയുടെ വെള്ളപൂശി നേടിയെടുക്കാവുന്നതല്ല സ്വർഗരാജ്യം. വിശുദ്ധ മത്തായിയുടെ സുവിശേഷം 25-ാം അധ്യായം 37-ാം തിരുവചനം പറയുന്നു: വിശക്കുന്നവന് ആഹാരവും, ദാഹിക്കുന്നവന് പാനീയവും പരദേശിക്കു അഭയവും നഗ്നന് വസ്ത്രവും രോഗികളെയും

തടവുകാരെയും സന്ദർശിക്കുകയും ചെയ്യുന്നവരാണ് നീതിമാന്മാർ. ഇങ്ങനെ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്നവർക്കാണ് സ്വർഗരാജ്യം ലഭിക്കുക.

3. **വചനപാലകരാകുക:** പാറമേൽ വീട് പണിയുക എന്നുവച്ചാൽ യേശുവിന്റെ പ്രബോധനമനുസരിച്ച് ജീവിക്കുക എന്നർത്ഥം. നിയമാവർത്തനം 28:13 നമ്മെ ഓർമ്മപ്പെടുത്തുന്നു: നിന്റെ ദൈവമായ കർത്താവിന്റെ കല്പനകൾ ശ്രവിച്ച് അവ ശ്രദ്ധാപൂർവം പാലിക്കുമെങ്കിൽ നിനക്ക് അഭിവൃദ്ധിയുണ്ടാകും എന്ന്. അവിടുത്തെ വചനമനുസരിച്ച് ജീവിക്കുന്നവനെ പാറമേൽ അടിത്തറയിട്ട് വീടുപണിത വിവേകമതിയായ മനുഷ്യനോടാണ് അവിടുന്ന് ഉപമിക്കുന്നത്. ഏതു കൊടുങ്കാറ്റിലും വെള്ളപ്പൊക്കത്തിലും തകർക്കാനാവാത്ത ഉറപ്പാണ് അതിനുള്ള മേന്മ.

എന്നാൽ, മണൽപ്പുറത്തു ഭവനം പണിയുന്നവൻ ഭോഷനാണ്. ജീവിതതകർച്ചകളും കടബാധ്യതകളും രോഗങ്ങളും ഉറ്റവരുടെ ആകസ്മിക വിയോഗങ്ങളും പ്രലോഭനങ്ങളുമൊക്കെ ഉണ്ടാകുമ്പോൾ തകർന്നു വീഴാനുള്ള കാരണം വചനാധിഷ്ഠിത അടിത്തറയില്ലാത്തതാണ്. വചനം കേൾക്കുന്നത് വചനം അനുസരിക്കുന്നതിന് പകരമാകില്ല. 1 യാക്കോബ് 1:22–ൽ നാം വായിക്കുന്നു: നിങ്ങൾ വചനം കേൾക്കുക മാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ, അത് അനുവർത്തിക്കുന്നവരും ആയിരിക്കുവിൻ എന്ന്. അതേ പ്രവൃത്തിയും വിശ്വാസവും ഒത്തുചേർന്നുപോകണം. എന്തെന്നാൽ പ്രവൃത്തി കൂടാതെയുള്ള വിശ്വാസം അതിൽ തന്നെ നിർജീവമാണ് (യാക്കോ 2:14–17). ആകയാൽ യേശുവിന്റെ വചനമനുസരിച്ച് ജീവിക്കാം. എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും (യോഹ 14:21). അതിനാൽ യേശുവിന്റെ വചനമനുസരിച്ച് ജീവിക്കുന്ന പാറമേൽ ഉറച്ച ഭവനം പണിയുന്ന വിവേകമതിയായ മനുഷ്യനെപ്പോലെ നമുക്കും ജീവിക്കാം.